**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3672** **05-08-2021 - ൽ മറുപടിയ്ക്ക്**

**അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 2011 മുതൽ 2014 വരെയുള്ള അഡ്മിനിസ്ട്രേറ്റർ ഭരണ കാലത്ത് ബാങ്കിൽ എ ക്ലാസ് അംഗങ്ങളെ ചേർത്തിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ എത്ര പേർക്ക് അംഗത്വം നൽകിയെന്ന് വ്യക്തമാക്കുമോ; | (എ) | തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 2011 മുതൽ 2014 വരെയുളള അഡ്മിനിസ്ട്രേറ്റർ ഭരണ കാലത്ത് ബാങ്കിൽ എ ക്ലാസ്സ് അംഗങ്ങളെ ചേർത്തിട്ടുണ്ട്. 4463 പേർക്ക് അംഗത്വം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്രപേർക്ക് ബാങ്കിൽ നിന്ന് വായ്പയോ മറ്റ് സേവനങ്ങളോ നൽകിയിട്ടുണ്ട്; | (ബി) | ഇതിൽ 228 പേർക്ക് വായ്പയോ മറ്റ് സേവനങ്ങളോ നൽകിയിട്ടുണ്ട്. |
| (സി) | വായ്പയോ മറ്റ് നിയമപരമായ സേവനങ്ങളോ നൽകുന്നതിനല്ലാതെ സഹകരണ ബാങ്കുകളിൽ എ ക്ലാസ് അംഗത്വം നൽകുന്നതിന് അഡ്മിനിസ്ട്രേറ്ററെ നിയമം അനുവദിക്കുന്നുണ്ടോ; | (സി) | സഹകരണ സംഘം രജിസ്ട്രാറുടെ 38/2002 സർക്കുലർ പ്രകാരം, വായ്പാ ഇടപാടുകൾ നടത്തേണ്ട ആവശ്യ ത്തിലേയ്ക്ക് മാത്രമാണ് അഡ്മിനിസ്ട്രേറ്റർക്ക് അപേക്ഷകന് സംഘത്തിൽ അംഗത്വം നൽകാവുന്നത്. |
| (ഡി) | ഇക്കാര്യത്തിൽ ബാങ്കിൽ നിയമവിരുദ്ധ പ്രവർത്തനം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഡി) | അഡ്മിനിസ്ട്രേറ്ററുടെ ഭരണകാലത്ത് അംഗത്വം നൽകിയ 4463 പേരിൽ വായ്പയും, മറ്റു സേവനങ്ങളും നൽകിയിരുന്ന 228 പേർ ഒഴികെ നിയമ വിരുദ്ധമായി അംഗത്വം നൽകിയ 4235 പേരെ അംഗത്വത്തിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ